(സി) ഒരു വർഷത്തിൽ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഇവർക്ക് ലഭ്യമാക്കുന്നുണ്ട്;

(ഡി) തൊഴിൽ ദിനങ്ങൾ കൂടുതൽ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വീട്, പണിശാല എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു. കേന്ദ്ര സർക്കാരിന്റെ ഹെൽത്ത് പാക്കേജ് സ്കീം പ്രകാരം കൈത്തറി തൊഴിലാളികൾക്ക് ചികിൽസയ്ക്കും കണ്ണട വാങ്ങുന്നതിനും ധനസഹായം, പ്രസവാനുകൂല്യം, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. ഇവ കൂടാതെ കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം, ഇൻഷ്വറൻസ് സ്കീം എന്നിവയും തൊഴിലാളികൾക്ക് വേണ്ടി നടപ്പാക്കി വരുന്ന പദ്ധതികളാണ്. കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ അംഗത്വം ലഭിച്ചിട്ടുള്ള തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ, എക്സ്ഗ്രേഷ്യ, സാമ്പത്തിക സഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസ ഗ്രാന്റ്, ജില്ലാ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്, മരണപ്പെട്ട അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, മരണപ്പെട്ട അംഗത്തിന്റെ അംശാദായം തിരിച്ചു നൽകൽ എന്നീ ക്ഷേമപദ്ധതികളും നടപ്പാക്കിവരുന്നു.

(ബി) തൊഴിലാളി പ്രതിനിധികളും ഉൽപ്പാദകരും ചർച്ച ചെയ്ത് നിശ്ചയിക്കപ്പെട്ടിട്ടുള്ള കൂലി നിരക്കാണ് ഓരോ പ്രദേശത്തും നിലനിർത്തിയിട്ടുള്ളത്.

(സി) ഒരു വർഷത്തിൽ ശരാശരി നൂറ് ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതായി കണക്കാക്കുന്നു.

(ഡി) വിപണിക്ക് അനുയോജ്യമായ വസ്ത്രങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിച്ചു കൊണ്ട് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ ബാങ്കുകളിലെ നിഷ്ക്രിയ ആസ്തിയും കിട്ടാക്കടവും

*29 [119] ശ്രീ. എൻ. ശക്തൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എം. എ. ചന്ദ്രശേഖരൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2003-ലെ കണക്ക് പ്രകാരം സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി എന്തുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിഷ്ക്രിയ ആസ്തിയിൽ എന്തെല്ലാം പെടും; ഇത് കുറയ്ക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(സി) സഹകരണ ബാങ്കുകൾക്ക് പിരിഞ്ഞ് കിട്ടാനുള്ള തുകയിൽ 1-7-2003-ലെ കണക്കനുസരിച്ച് കിട്ടാക്കടം എന്ത് വരുമെന്ന് പറയുമോ;

(ഡി) സഹകരണ ബാങ്കുകൾക്ക് കിട്ടാക്കടമുണ്ടാകാനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) 1589.26 കോടി രൂപ.

(ബി) ബാക്കിപത്രം കണക്കാക്കുന്ന തീയതിയായ മാർച്ച് 31-ന്—

1. 180 ദിവസത്തിനുമുകളിൽ കുടിശ്ശികയായി നിൽക്കുന്ന പലിശയോ വായ്പാ ഗഡുവോ രണ്ടും ചേർന്നതോ;
2. ക്രമപ്രകാരമല്ലാത്ത ക്യാഷ് ക്രെഡിറ്റ്/ ഓവർഡ്രാഫ്റ്റ് എന്നിവ;
3. ആറുമാസത്തിനകം തുക ലഭിക്കാത്ത ഡിസ്കൗണ്ട് ചെയ്ത/പേയ്മെന്റ് നടത്തിയ ബില്ലുകൾ;
4. മറ്റേതെങ്കിലും ക്രഡിറ്റ് സൗകര്യങ്ങളിൻമേൽ ആറു മാസത്തിനുമേൽ തുക ലഭിക്കാത്ത കേസുകൾ എന്നിവ നിഷ്ക്രിയ ആസ്തിയിൽപ്പെടുന്നു.

സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, നിക്ഷേപ സമാഹരണ യജ്ഞത്തോടൊപ്പം നടത്തുന്ന വായ്പാ കുടിശ്ശിക നിവാരണ പരിപാടി, പലിശയിളവ്, പിഴപ്പലിശ ഒഴിവാക്കൽ, സർക്കാർ പ്രഖ്യാപിക്കുന്ന കടാശ്വാസ പദ്ധതികൾ, സഹകരണ നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾക്കാസ്പദമായി നടത്തുന്ന ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ എന്നിവയാണ് നിഷ്ക്രിയ ആസ്തി കുറക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ.

(സി) 226.09 കോടി രൂപ.

(ഡി) മതിയായ ഈടില്ലാതെയും തിരിച്ചടവ് ശേഷി പരിഗണിക്കാതെയുമുള്ള വായ്പാ വിതരണം, ഈട് വസ്തുവിന്റെ വിലയിടിവ്, വായ്പാ ദുരുപയോഗം, ബോധപൂർവം വായ്പ തിരിച്ചടയ്ക്കാതിരിക്കൽ, കാർഷിക വിളകളുടെ ഉൽപ്പാദന കുറവ്/വിലയിടിവ്, പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശം, വായ്പ സ്വീകരിച്ചിട്ടുള്ള സ്ഥാപനങ്ങ

LIBRARY ARCHIVES Kerala Legislative Assembly